## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1542

11.2.2013-ൽ മറുപടിക്ക്

### ക്ഷീരോല്പാദന കേന്ദ്രങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പുതിയ ധനകാര്യ സ്ഥാപനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.വിജയ ദാസ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീരോത്പാദന കേന്ദ്രങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പുതിയ ധന കാര്യസ്ഥാപനം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>(ബി) ഇതു സംബന്ധിച്ച പഠനങ്ങൾ നടത്തുകയുണ്ടായോ ; ഇതിനാവശ്യമായ ഫണ്ട് ഏതെല്ലാം നിലയിൽ സ്വരൂപിക്കാനാണുദ്ദേശിക്കുന്നത് ; | (എ) & (ബി) ഇല്ല<br>ഇത് സംബന്ധിച്ച് ശ്രീ.ആർ. ഹേലി ചെയർമാനായ എക്സ്പേർട്ട് കമ്മിറ്റി റിപ്പോർട്ടിൽ ഒരു ശുപാർശ ഉണ്ടായിരുന്നു. ഇതിനാവശ്യമായ ഫണ്ട് ക്ഷീര സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള റിസർവ് ഫണ്ടിൽ നിന്നും ലഭ്യമാക്കുവാനാണ് ശ്രീ. ഹേലി കമ്മിറ്റി റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നത്. |
| (സി) ക്ഷീര സഹകരണ സംഘങ്ങൾ നിലവിൽ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നത് ഏതൊക്കെ സ്ഥാപനങ്ങൾ വഴിയാണ് ; വിശദമാക്കുമോ ; | (സി) ക്ഷീര സഹകരണ സംഘങ്ങൾ നിലവിൽ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നത് അവരുടെ ലാഭവിഹിതത്തിൽ നിന്നുമാണ്. കൂടാതെ സർക്കാരിന്റെ വിവിധ സ്കീമുകൾ മുഖേനയും സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്. |

| | |
|---|---|
| (ഡി) നിർദ്ദിഷ്ട ധനകാര്യ സ്ഥാപനത്തിന്റെ ധനകാര്യ സ്രോതസ്സ് സംബന്ധിച്ച് വിശദമാക്കുമോ ? | (ഡി) ക്ഷീര സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള റിസർവ് ഫണ്ടാണ് പ്രധാനമായും ധനകാര്യ സ്രോതസ്സായി വിഭാവനം ചെയ്തിരുന്നത്. |

സെക്ഷൻ ഓഫീസർ